01
2026
സെപ്റ്റംബർ
ചൊവ്വ
ചിങ്ങം 16

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 169 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-169 പേജ് 4. വില 2.00 രൂപ




02 കോട്ടയത്ത് വീട് കുത്തിത്തുറന്ന് 23 പവൻ സ്വർണം കവർന്നു

03 ആലുവയിൽ കാണാതായ യുവാവിൻെറ മൃതദേഹം കണ്ടെത്തി

04 നേപ്പാൾ പ്രളയം: മരണസംഖ്യ 903 ആയി, 4,200 പേർ ഇനിയും കാണാമറയത്ത്

# അഷ്ടമുടി കായലിൽ നിന്ന് 460 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാകും

കൊല്ലം: അഷ്ടമുടി കായലിൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പാക്കിയാൽ 460 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് പഠന റിപ്പോർട്ട്. അഷ്ടമുടിയിൽ രണ്ട് മേഖലകളിലായി 460 മെഗാവാട്ടിൻെറ ലഭ്യത പ്രതീക്ഷിക്കുന്നു.

കേന്ദ്ര നവ-പുനരുപയോഗ ഊർജ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സോളാർ എനർജിയാണ് നടത്തിയ പഠന റിപ്പോർട്ട് തയാറാക്കിയത്.

തെന്മല അണക്കെട്ടിൽ 160 മെഗാവാട്ട്, പരവൂർ കായലിൽ 40 മെഗാവാട്ട്, വട്ടക്കായലിൽ 20 മെഗാവാട്ട് വീതം ഫ്ലോട്ടിംഗ് സോളാർ പദ്ധതിയിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. ഒന്നര ലക്ഷത്തിലേറെ വീടുകൾക്ക് ഒരു വർഷത്തെ വൈദ്യുതി ആവശ്യം ഇതിലൂടെ നിറവേറ്റാനാകും.

ഫീൽഡ് സർവേകൾ കൂടി പൂർത്തിയാക്കിയ ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കും. കേരളത്തിലെ 11 ജില്ലകളിലെ ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാറിനുള്ള സാധ്യതകൾ തേടുകയാണ്. രാജ്യത്തെ 25 സംസ്ഥാനങ്ങളിലായി ആയിരത്തിലേറെ ജലാശയങ്ങളിലാണ് പഠനം നടത്തുന്നത്.

കരയിൽ സ്ഥാപിക്കുന്ന സൗരോർജ പദ്ധതികളേക്കാൾ ഫ്ലോട്ടിംഗ് സോളാറിന് നിർമാണചെലവ് കൂടുതലാണ്.



വെള്ളത്തിൽ പാനലുകൾ ഉറപ്പിച്ചുനിറുത്താനുള്ള സംവിധാനങ്ങൾ, പ്രത്യേക വൈദ്യുതി കേബിളുകൾ തുടങ്ങിയവയാണ് അധിക ചെലവിന് കാരണമാക്കുന്നത്. സംസ്ഥാന സർക്കാരിൻെറയും വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കാനാകും നിർദേശിക്കുക.

ഉപരിതലത്തിൽ പൊങ്ങിക്കിടക്കും

ജില്ലയിലെ നദികളിലെ ജലം വെറുതേ കടലിൽ ഒഴുകിപ്പോകുകയാണ് ചെയ്യുന്നത്. വനത്തിൽ അണക്കെട്ടു നിർമിക്കുന്നതിനെ പരിസ്ഥിതി വാദികൾ എതിർക്കുന്നതിനാൽ പുതിയ അണക്കെട്ടിനെക്കുറിച്ചുള്ള പ്രാഥമിക കാര്യങ്ങളിലേക്കു കടക്കാൻ പോലും കഴിയുന്നില്ല. തുടർ നടപടികളെ വനം വകുപ്പ് എല്ലാവിധത്തിലും എതിർക്കും. എന്നാൽ പരിസ്ഥിതിക്ക് കോട്ടംതട്ടാതെ സൗരോർജ പാനലുകൾ സ്ഥാപിക്കാനാകും.

പാനലുകൾ വെള്ളത്തിൽ ഉറപ്പിച്ചുനിറുത്താൻ പൊങ്ങിക്കിടക്കുന്ന ഘടനകളും നങ്കൂര സംവിധാനങ്ങളും ഉപയോഗിക്കും. കരയിൽ വലിയ സ്ഥലമെടുക്കൽ ഒഴിവാകുകയും ചെയ്യും.

## യുഎസ്–ഇറാൻ ഏറ്റുമുട്ടൽ; ലാർനാക് ദ്വീപിലെ ആക്രമണത്തിന് യുഎസ് സൈനിക താവളങ്ങളിൽ മറുപടി

റിയാദ്: ഒരു മാസത്തെ ഇടവേളയ്ക്കുശേഷം യുഎസ്–ഇറാൻ സംഘർഷ പുനരാരംഭിച്ചു. ഹോർമുസ് കടലിടുക്കിലെ ഇറേനിയൻ ദ്വീപായ ലാറോക്കിൽ അമേരിക്ക ഞായറാഴ്ച രാത്രി ആക്രമണം നടത്തി. ഇതിനു പിന്നാലെ ജോർദാനിലെയും യുഎഇയിലെയും അമേരിക്കൻ സൈനിക താവളങ്ങൾ ആക്രമിച്ചതായി ഇറാനും അവകാശപ്പെട്ടു. ജൂലൈ അവസാനത്തിനുശേഷം ഇറാനിൽ അമേരിക്ക നടത്തുന്ന ആദ്യ ആക്രമണമായിരുന്നിത്. ഇതിൽ രണ്ടു പേർ കൊല്ലപ്പെടുകയും രണ്ടു പേർക്കു പരിക്കേൽക്കുകയും ചെയ്തതായി ഇറാനിലെ വിപ്ലവഗാർഡ് അറിയിച്ചു. ഹോർമുസ് കടലിടുക്കിൽ റോക്കറ്റ് വിക്ഷേപണത്തിനും മൈനുകൾ വിതറുന്നതിനും ഇറാൻ തയാറെടുത്ത പശ്ചാത്തലത്തിലായിരുന്നു ആക്രമണമെന്ന് അമേരിക്കൻ സൈന്യം അറിയിച്ചു. മറുപടിയായി ജോർദാനിലെ കിംഗ് ഹുസൈൻ, അൽ അസ്റാഖ് അമേരിക്കൻ സൈനിക താവളങ്ങളിൽ ബാലിസ്റ്റിക് മിസൈൽ ആക്രമണം നടത്തിയെന്നാണ് ഇറേനിയൻ വിപ്ലവഗാർഡ് അറിയിച്ചത്. യുഎഇയിലെ അൽ മിൻഹാദ് വ്യോമതാവളത്തിൽ ഡ്രോൺ ആക്രമണവും നടത്തിയതായി ഇറാൻ അവകാശപ്പെട്ടു. ഒരു ഡ്രോൺ വെടിവച്ചിട്ടതായി യുഎഇ സ്ഥിരീകരിച്ചെങ്കിലും വ്യോമതാവളം ആക്രമിക്കപ്പെട്ടുവെന്ന വാർത്ത നിഷേധിച്ചു. ഇറാനിലെ പ്രധാന തുറമുഖമായ ബന്ദർ അബ്ബാസിനു സമീപമാണ് ലാർനാക് ദ്വീപ്. യുഎസ്-ഇസ്രേലി ആക്രമണത്തിനു മറുപടിയായി ഇറാൻ ആറു മാസമായി ഹോർമുസ് കടലിടുക്ക് അടച്ചിരിക്കുകയാണ്. ലാർനാക് ദ്വീപിനു സമീപത്തുകൂടി പോകുന്ന വാണിജ്യ കപ്പലുകൾ പരിശോധനയ്ക്കു വിധേയമാകണമെന്നും ഹോർമുസ് കടക്കണമെങ്കിൽ 20 ലക്ഷം ഡോളർ ഫീസ് നല്കണമെന്നും ഇറാൻ ആവശ്യപ്പെടുന്നതായി റിപ്പോർട്ടുണ്ട്.

## ഓണച്ചന്തയിൽ നൂറുമേനി കൊയ്ത് കുടുംബശ്രീ; ഓണക്കനിയും നിറപ്പൊലിമയും നൽകിയത് 10 കോടിയുടെ തിളക്കം

തിരുവനന്തപുരം: ഓണവിപണിയിൽ കോടികളുടെ വിളവെടുപ്പുമായി കുടുംബശ്രീ. ഓണക്കനി, നിറപ്പൊലിമ പദ്ധതികളുടെ ഭാഗമായി വനിതാ കർഷകർ ഉൽപ്പാദിപ്പിച്ച പച്ചക്കറികളും പൂക്കളും വിറ്റഴിച്ച് 10. 07 കോടിരൂപയാണ് കുടുംബശ്രീ സ്വന്തമാക്കിയത്. ഓഗസ്റ്റ് അവസാനം വരെ സംസ്ഥാനത്തുടനീളം കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടായിരത്തിലേറെ ഓണം വിപണന മേളകളിലൂടെയാണ് ഈ വിറ്റുവരവ്. വിൽപ്പനയിൽ 2.85 കോടി രൂപയുമായി തൃശൂർ ജില്ല ഒന്നാമതെത്തി. 1.62 കോടി രൂപയുടെ വിൽപ്പനയുമായി പാലക്കാട് രണ്ടാമതും 85.50 ലക്ഷം രൂപയുമായി കണ്ണൂർ മൂന്നാമതുമെത്തി. ഓണക്കനി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 33,000ലേറെ കർഷക സംഘങ്ങൾ ഉൽപ്പാദിപ്പിച്ച 1,580. 88 മെട്രിക് ടൺ നാടൻ പച്ചക്കറികളാണ് ഓണവിപണിയിലെത്തിയത്. ഇതിലൂടെ 8.91 കോടി രൂപയുടെ വിറ്റുവരവുണ്ടായി. പൂക്കളുടെ ആഭ്യന്തര ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയ നിറപ്പൊലിമ പദ്ധതിയും മികച്ച നേട്ടം കൈവരിച്ചു. കുടുംബശ്രീയുടെ കീഴിലുള്ള 5,500 കർഷക സംഘങ്ങൾ കൃഷി ചെയ്ത 113.17 മെട്രിക് ടൺ പൂക്കൾ വിപണിയിലെത്തിച്ച് 1.16 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കി.

## ജേക്കബ് തോമസിനെതിരായ ഡ്രഡ്ജർ അഴിമതിക്കേസിൽ സമയം തേടി സർക്കാർ

ന്യൂഡൽഹി: മുൻ ഐപിഎസ് ഉദ്യോഗസ്ഥൻ ജേക്കബ് തോമസിനെതിരായ ഡ്രഡ്ജർ അഴിമതി കേസ് പരിഗണിക്കുന്നത് സുപ്രീംകോടതി ഒക്ടോബർ 27ലേക്ക് മാറ്റി. മറ്റ് പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കേണ്ടതുണ്ടെന്നും നെതർലൻഡിൽ നിന്നുള്ള റിപ്പോർട്ട് പരിഭാഷപ്പെടുത്താൻ സമയം വേണമെന്നും സർക്കാർ അറിയിച്ചതിനെ തുടർന്നാണ് സുപ്രീം കോടതി നടപടി.

അതേസമയം കേസ് മൂന്ന് വർഷമായി തുടരുകയാണെന്ന് ജേക്കബ് തോമസിൻെറ അഭിഭാഷകൻ ചൂണ്ടിക്കാട്ടിയതോടെ, സർക്കാർ കൃത്യസമയത്ത് റിപ്പോർട്ട് സമർപ്പിച്ചില്ലെങ്കിൽ ഹൈക്കോടതി ഉത്തരവിലെ നിയമവിഷയം മാത്രമേ പരിഗണിക്കൂ എന്ന് കോടതി വ്യക്തമാക്കി. ജേക്കബ് തോമസ് തുറമുഖ വകുപ്പ് ഡയറക്ടറായിരിക്കെ ഡ്രഡ്ജർ ഇറക്കുമതി ചെയ്തതിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിൽ 2019 ലാണ് വിജിലൻസ് കേസെടുത്തത്. 2021 നവംബറിൽ ഹൈക്കോടതി കേസ് റദ്ദാക്കി. 2023 ലാണ് ഡ്രഡ്ജർ അഴിമതിക്കേസിൽ മുൻ ഡിജിപി ജേക്കബ് തോമസിനെതിരായ വിജിലൻസ് കേസ് റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തു. അന്വേഷണത്തോട് സഹകരിക്കണമെന്നും കോടതി നിർദേശിച്ചു.

## ജൽ ജീവൻ മിഷൻെറ 200 കോടിയുടെ പദ്ധതികൾ പ്രതിസന്ധിയിൽ

കൊല്ലം: ജില്ലയിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കാനുള്ള 200 കോടിയോളം രൂപയുടെ 25 പദ്ധതികൾ പ്രതിസന്ധിയിൽ. പുതിയ കരാറുകൾക്ക് ദേശീയ ജൽ ജീവൻ മിഷൻെറ അനുമതിയില്ലാത്തതാണ് പ്രതിസന്ധിക്കിടയാക്കുന്നത്. ഇതോടെ പ്ലാൻറുകളുടെ ശേഷി ഉയർത്താനുള്ള വികസന, നവീകരണ പദ്ധതികൾ പാതിവഴിയിലായി. അതേസമയം ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. എന്നാൽ 2024 ഓഗസ്റ്റിന് മുമ്പ് ടെൻഡർ ക്ഷണിച്ച പദ്ധതികളുടെ കരാർ പോലും ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

പദ്ധതിയിലൂടെ നൽകിയ വലിയൊരു വിഭാഗം ഗാർഹിക കണക്ഷനുകൾക്കും ആവശ്യമായ ജലം നൽകാൻ ഇപ്പോൾ കഴിയാത്ത സ്ഥിതിയാണ്. വിതരണത്തിനാവശ്യമായ ജല ലഭ്യത കുറവ് വലിയ പ്രതിസന്ധിയുണ്ടാക്കുകയാണ്. പ്ലാൻറുകളുടെ ശേഷി ഉയർത്തിയാൽ വിതരണത്തിൻെറ അളവ് കുറച്ചുകൂടി വർധിപ്പിക്കാം. അതിലേക്കുള്ള തയാറാക്കിയ പദ്ധതികളാണ് പ്രതിസന്ധിയിലായത്. ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിക്കുമ്പോൾ ജില്ലയിലെ ഗ്രാമീണ മേഖലയിൽ 1.50 ലക്ഷം ഗാർഹിക കണക്ഷനുകളാണുണ്ടായിരുന്നത്. ഇനി ഒരു ലക്ഷം കണക്ഷൻ കൂടി നൽകണം. അതിൽ 50, 000 കണക്ഷൻ കൂടി നൽകാനുള്ള കരാറാണ് നിലവിലുള്ളത്. ബാക്കി കണക്ഷൻ നൽകാനുള്ള ടെണ്ടർ ക്ഷണിക്കണമെങ്കിൽ പുതിയ കരാർ പാടില്ലെന്ന ഉത്തരവ് പുന: പരിശോധിക്കണം. നബാർഡ് വായ്പ ഉപയോഗിച്ച് കുടിശിക തീർത്തതോടെ നിലവിലുള്ള കരാറിലെ പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ വിതരണത്തിന് ആവശ്യമായ ജലം ഇല്ല. അതിനാൽ പുതിയ കണക്ഷനുകൾ നൽകാൻ നടപടി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയിലാണ് വാട്ടർ അഥോറിറ്റി.



# പാർക്കിൻസൺസ് രോഗം നേരത്തെ കണ്ടെത്താം; നാനോപോർ സെൻസറുകൾ വികസിപ്പിച്ച് ബ്രിക് – ആർ.ജി.സി.ബി ഗവേഷകർ

തിരുവനന്തപുരം: പാർക്കിൻസൺസ്, എ.എൽ.എസ് (അമിയോട്രോഫിക് ലാറ്ററൽ സ്ക്ലിറോസിസ്) തുടങ്ങി നാഡീവ്യവസ്ഥയെ ബാധിക്കുന്ന രോഗങ്ങളുമായി ബന്ധപ്പെട്ട ജൈവ സൂചകങ്ങളെ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്താനും നിരീക്ഷിക്കാനും സഹായിക്കുന്ന നൂതന നാനോപോർ സെൻസിങ് സാങ്കേതികവിദ്യ ബയോടെക്നോളജി റിസർച്ച് ആൻഡ് ഇന്നോവേഷൻ കൗൺസിൽ-രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിലെ (ബ്രിക്-ആർ.ജി.സി.ബി) ഗവേഷകർ വികസിപ്പിച്ചു.

രോഗലക്ഷണങ്ങൾ പ്രാരംഭത്തിലേ തിരിച്ചറിയാൻ സഹായിക്കുന്ന ജൈവ സൂചകങ്ങളാണ് ബയോമാർക്കറുകൾ. സൂക്ഷ്മമായ പൊള്ളയായ ഘടനകളാണ് നാനോപോറുകൾ. രോഗങ്ങൾ തുടക്കത്തിലേ കണ്ടെത്തുന്നതിന് പരമ്പരാഗത രീതികൾ ഉപയോഗിക്കുമ്പോൾ ജൈവ സൂചകങ്ങളുടെ അളവ് ശരീരത്തിൽ വളരെ കുറവായിരിക്കുന്നത് വലിയൊരു വെല്ലുവിളിയാണ്. ഇതിന് പരിഹാരമായി ഉയർന്ന കൃത്യതയോടെ ബയോമാർക്കറുകളെ തിരിച്ചറിയാൻ സാധിക്കുന്ന 'സെൽഫ് അസംബ്ലിംഗ് ഡ്യുവൽ-ഡയമീറ്റർ' നാനോപോർ സെൻസറുകളാണ് ആർ.ജി.സി.ബി ഗവേഷക സംഘം രൂപകൽപ്പന ചെയ്തത്.

ഡോ. മഹേന്ദ്രൻ കെ.ആറിൻറെ നേതൃത്വത്തിൽ നടന്ന ഗവേഷണത്തിൽ പിഎച്ച്.ഡി വിദ്യാർത്ഥി വർഷ ഷാജി, പോസ്റ്റ് ഡോക്ടറൽ ഗവേഷക ഡോ. നീതു പുതുമഠത്തിൽ എന്നിവർ പങ്കുചേർന്നു.

പ്രമുഖ ശാസ്ത്ര ജേണലായ 'നേച്ചർ നാനോടെക്നോളജി'യിൽ പ്രസിദ്ധീകരിച്ച ഈ കണ്ടെത്തൽ നാനോ സയൻസിലും ബയോമോളിക്യുലാർ സെൻസിങ്ങിലും വലിയ മുന്നേറ്റമാണ് അടയാളപ്പെടുത്തുന്നത്. വിവിധ വലുപ്പത്തിലുള്ള സുഷിരങ്ങൾ രൂപപ്പെടുത്തുന്ന തരത്തിൽ ഹ്രസ്വ പെപ്റ്റൈഡുകൾ നിർമ്മിച്ചാണ് വ്യത്യസ്ത ആകൃതിയിലും അളവിലുമുള്ള തന്മാത്രകളെ കണ്ടെത്താനുള്ള വേദിയൊരുക്കിയത്. സങ്കീർണ്ണമായ പ്രോട്ടീൻ മിശ്രിതങ്ങളിൽ വളരെ നേർത്ത അളവിൽ കാണപ്പെടുമ്പോൾ പോലും രോഗബാധിതവും അല്ലാത്തതുമായ ബയോമാർക്കറുകളെ വേർതിരിച്ചറിയാൻ ഈ സെൻസറുകൾക്ക് കഴിയും.രക്തം ഉൾപ്പെടെയുള്ള ശരീരദ്രവങ്ങളിൽ നിന്ന് കാൻസർ അടക്കമുള്ള വിവിധ രോഗങ്ങളുടെ സൂചകങ്ങളെ നേരിട്ട് കണ്ടെത്താൻ കഴിയുന്ന പോയിൻറ്-ഓഫ്-കെയർ ഉപകരണങ്ങൾ നിർമ്മിക്കാൻ ഭാവിയിൽ ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താം. നൊബേൽ സമ്മാന ജേതാവ് പ്രൊഫ. ഡേവിഡ് ബേക്കർ തുടക്കമിട്ട കമ്പ്യൂട്ടേഷണൽ നാനോപോർ രൂപകൽപ്പനയിൽ നിന്ന് വ്യത്യസ്തമാണ് പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമ്മിച്ച ഈ നാനോപോർ ഘടന. പ്രകൃതിദത്ത രീതികളെ കമ്പ്യൂട്ടേഷണൽ ഡിസൈനുമായി സംയോജിപ്പിക്കുന്നത് ഭാവിയിൽ കൂടുതൽ കൃത്യതയുള്ള സെൻസറുകൾ വികസിപ്പിക്കാൻ വഴിയൊരുക്കും.പാർക്കിൻസൺസ്, എ.എൽ.എസ് തുടങ്ങിയ രോഗങ്ങളെ നിയന്ത്രിക്കുന്നതിന് അവ നേരത്തെയും കൃത്യതയോടെയും കണ്ടെത്തുക എന്നത് പ്രധാന വെല്ലുവിളിയാണെന്ന് ബ്രിക്-ആർ.ജി.സി.ബി ഡയറക്ടർ ഡോ. ബീന പിള്ള പറഞ്ഞു. ആരോഗ്യമേഖലയിലെ വിവിധ വെല്ലുവിളികൾ പരിഹരിക്കുന്നതിന് നാനോടെക്നോളജിയുടെയും ബയോടെക്നോളജിയുടെയും മുന്നേറ്റങ്ങൾ എങ്ങനെ ഒത്തുചേരുന്നു എന്നതിൻറെ തെളിവാണ് ഈ നാനോപോർ സെൻസർ പ്ലാറ്റ് ഫോമെന്നും അവർ കൂട്ടിച്ചേർത്തു.ജർമ്മനിയിലെ കൺസ്ട്രക്ടർ യൂണിവേഴ്സിറ്റിയിലെ ഡോ. ഉൾറിച്ച് ക്ലീൻകത്തോഫറിൻറെ നേതൃത്വത്തിലുള്ള സംഘവുമായും, കൊൽക്കത്തയിലെ സി.എസ്.ഐ.ആർ - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ബയോളജിയിലെ ഡോ. കൃഷ്ണാനന്ദ ചതോപാധ്യായയുടെ സംഘവുമായും സഹകരിച്ചാണ് ഈ ഗവേഷണം നടത്തിയത്.




കേന്ദ്ര സർക്കാരിൻറെ ബയോടെക്നോളജി വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, കൗൺസിൽ ഓഫ് സയൻറിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് എന്നിവയുടെ ധനസഹായത്തോടെയാണ് പഠനം പൂർത്തിയാക്കിയത്.

# സംസ്ഥാന ഊർജസംരക്ഷണ പുരസ്കാരത്തിന് അപേക്ഷിക്കാം

2025–26 സാമ്പത്തിക വർഷത്തിൽ ഊർജസംരക്ഷണം, ഊർജകാര്യക്ഷമത, ഗവേഷണം, ശുദ്ധ ഊർജ പ്രോത്സാഹനം തുടങ്ങിയ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും സംരംഭങ്ങൾക്കുമായി എനർജി മാനേജ്മെന്റ് സെന്റർ-കേരള നൽകുന്ന 'സംസ്ഥാന ഊർജസംരക്ഷണ പുരസ്കാരം – 2026' ലേക്ക് അപേക്ഷ ക്ഷണിച്ചു. വൻകിട ഊർജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ ഉപഭോക്താക്കൾ, ചെറുകിട ഊർജ ഉപഭോക്താക്കൾ, ഊർജകാര്യക്ഷമ കെട്ടിടങ്ങൾ, ഊർജകാര്യക്ഷമ പൊതു സ്ഥാപനങ്ങൾ, ഊർജസംരക്ഷണ നേതൃത്വവും സമൂഹതല സ്വാധീനവും, ഊർജകാര്യക്ഷമ ഉൽപ്പന്നങ്ങളുടെയും ഊർജകാര്യക്ഷമ കെട്ടിടങ്ങളുടെയും പ്രോത്സാഹകർ എന്നീ ഏഴ് വിഭാഗങ്ങളിലാണ് പുരസ്കാരം.

വ്യവസായങ്ങൾ, കെട്ടിടങ്ങൾ, ആശുപത്രികൾ, തദ്ദേശ സ്ഥാപനങ്ങൾ, എൻജിഒകൾ, ആർക്കിടെക്ചറൽ സ്ഥാപനങ്ങൾ, ഉപകരണ നിർമാതാക്കൾ തുടങ്ങിയവർക്ക് അവരുടെ മേഖലകൾക്കനുസരിച്ച് അപേക്ഷിക്കാം. ഒന്ന് മുതൽ നാല് വരെയുള്ള വിഭാഗങ്ങളിലെ വിജയികൾക്ക് ഒരു ലക്ഷം രൂപ വീതവും, അഞ്ചു മുതൽ ഏഴ് വരെയുള്ള വിഭാഗങ്ങളിലെ വിജയികൾക്ക് 50,000 രൂപ വീതവും ക്യാഷ് പ്രൈസിന് പുറമെ പ്രശസ്തിപത്രവും ഫലകവും ലഭിക്കും. കൂടാതെ യോഗ്യരായ അപേക്ഷകർക്ക് ശരീ 50001 സർട്ടിഫിക്കേഷനും ഊർജ ഓഡിറ്റിനുമായി സാമ്പത്തിക സഹായവും പദ്ധതിയിലൂടെ നൽകും.

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങളാണ് പരിഗണിക്കുക. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ പ്രവർത്തന തുടർച്ചയും വിലയിരുത്തും. അപേക്ഷകളും രേഖകളും ecawardsemc@gmail.com ഇ-മെയിൽ വിലാസത്തിൽ ഒക്ടോബർ 30 നകം ലഭിക്കണം. വിവരങ്ങൾക്ക്: www.keralaenergy.gov.in, 04712594922.

# കള്ളക്കടൽ ജാഗ്രതാ നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ (കാപ്പിൽ മുതൽ പൊഴിയൂർ വരെ) തീരങ്ങളിൽ സെപ്റ്റംബർ 1 രാത്രി 8.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം (കചഇഛകട) അറിയിച്ചു. 0.9 മുതൽ 1.0 മീറ്റർ വരെ ഉയർന്ന തിരമാലകൾ ഉണ്ടാകാനിടയുണ്ട്. കന്യാകുമാരി തീരത്ത് സെപ്റ്റംബർ 1 രാത്രി 11.30 വരെയും കടലാക്രമണത്തിന് സാധ്യതയുണ്ട്. 1.2 മുതൽ 1.3 മീറ്റർ വരെ ഉയർന്ന തിരമാലകൾ ഉണ്ടാകാനിടയുണ്ട്.

കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ഈ സമയത്ത് ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഒഴിവാക്കണം. തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ മൽസ്യബന്ധനയാനങ്ങൾ കടലിലേക്ക് ഇറക്കുന്നതും കരയ്ക്കടുപ്പിക്കുന്നതും ഒഴിവാക്കണം. മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദ സഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായി ഒഴിവാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കുക.

# മത്സ്യത്തൊഴിലാളി ജാഗ്രതാ നിർദേശം

സെപ്റ്റംബർ 4 വരെയുള്ള ദിവസങ്ങളിൽ വിവിധ തീരപ്രദേശങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേരള സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

സെപ്റ്റംബർ 4 വരെ തെക്കൻ തമിഴ് നാട് തീരം, ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന തെക്കൻ ശ്രീലങ്കൻ തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിന് സാധ്യത.സെപ്റ്റംബർ 1ന് സോമാലിയ, ഒമാൻ തീരം, മധ്യ പടിഞ്ഞാറൻ അറബിക്കടൽ, അതിനോട് ചേർന്ന തെക്കു പടിഞ്ഞാറൻ അറബിക്കടൽ, വടക്കൻ അറബിക്കടൽ, മധ്യ കിഴക്കൻ അറബിക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിന് സാധ്യത.സെപ്റ്റംബർ 1,2 തീയതികളിൽ ആൻഡമാൻ കടലിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത.

സെപ്റ്റംബർ 2, 3 തീയതികളിൽ സോമാലിയ, ഒമാൻ തീരം, മധ്യ പടിഞ്ഞാറൻ അറബിക്കടൽ, അതിനോട് ചേർന്ന തെക്കു പടിഞ്ഞാറൻ അറബിക്കടൽ, വടക്കു പടിഞ്ഞാറൻ അറബിക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിന് സാധ്യത.

സെപ്റ്റംബർ 4ന് സോമാലിയ, ഒമാൻ തീരം, മധ്യ പടിഞ്ഞാറൻ അറബിക്കടൽ, അതിനോട് ചേർന്ന തെക്കു പടിഞ്ഞാറൻ അറബിക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിന് സാധ്യത.

# കോട്ടയത്ത് വീട് കുത്തിത്തുറന്ന് 23 പവൻ സ്വർണം കവർന്നു

കോട്ടയം: പൂത്തിളപ്പിൽ ആളില്ലാത്ത സമയത്ത് വീട് കുത്തിത്തുറന്ന് വൻ സ്വർണക്കവർച്ച. പൂത്തിളപ്പ് സ്വദേശി എബ്രഹാമിന്റെ വീട്ടിലാണ് ഞായറാഴ്ച വൈകുന്നേരത്തോടെ പട്ടാപ്പകൽ മോഷണം നടന്നത്. വീട്ടിൽ സൂക്ഷിച്ചിരുന്ന 23 പവൻ സ്വർണാഭരണങ്ങളാണ് മോഷ്ടാക്കൾ കവർന്നത്.

വീട്ടുകാർ പുറത്തുപോയ സമയം നോക്കിയാണ് മോഷണം നടന്നിരിക്കുന്നത്. ഞായറാഴ്ച വൈകുന്നേരം വീട്ടുകാർ തിരികെ എത്തിയപ്പോഴാണ് മുൻവാതിൽ കുത്തിത്തുറന്ന നിലയിൽ കണ്ടത്. തുടർന്ന് അകത്തു കയറി പരിശോധിച്ചപ്പോഴാണ് അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണാഭരണങ്ങൾ നഷ്ടപ്പെട്ടതായി മനസ്സിലായത്. കുട്ടികളുടെ ആഭരണങ്ങളടക്കമാണ് നഷ്ടമായത്. മറ്റൊരു സ്ഥലത്ത് സൂക്ഷിച്ചിരുന്ന രണ്ട് മാലകൾ നഷ്ടമായിട്ടില്ല. സംഭവത്തിൽ പള്ളിക്കത്തോട് പോലീസ് അന്വേഷണം ആരംഭിച്ചു. പോലീസും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു. പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചും മുൻപ് സമാന രീതിയിൽ മോഷണം നടത്തിയവരെ കേന്ദ്രീകരിച്ചും അന്വേഷണം പുരോഗമിക്കുകയാണ്.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് ഓഫീസിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് സംസ്ഥാന സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷ, ബന്ധപ്പെട്ട വകുപ്പ് തലവൻ നൽകുന്ന നിരാക്ഷേപ പത്രം, കെ.എസ്.ആർ പാർട്ട് 1 ലെ 144 ചട്ടത്തിൽ നിർദേശിച്ചിട്ടുള്ള ഫോം, ബയോഡാറ്റ എന്നിവ സഹിതം രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം 35 വിലാസത്തിൽ സെപ്റ്റംബർ 16 വൈകിട്ട് 5ന് മുൻപ് ലഭിക്കണം. വിവരങ്ങൾക്ക്: www.medicalcouncil.kerala.gov.in.

# കരാർ നിയമനം

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ / ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും.

എം.ബി.ബി.എസ്., ടി.സി.എം.സി. / കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ (ജല്യാമിലിര) രജിസ്ട്രേഷനുള്ളവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി. & യു.ജി.) മാർക്ക് ലിസ്റ്റ് ഉൾപ്പെടെ, പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം സെപ്റ്റംബർ 9 ഉച്ചയ്ക്ക് 2ന് വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

# 'ബാല്യസ്പന്ദനം' പദ്ധതി ഉദ്ഘാടനം സെപ്റ്റംബർ 2ന്

അങ്കണവാടി കുട്ടികൾക്കായുള്ള ആരോഗ്യപരിശോധനാ പദ്ധതിയായ 'ബാല്യസ്പന്ദനം' പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 2ന് വനിതാ ശിശു വികസന – തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കും. ഉച്ചയ്ക്ക് 1 മണിക്ക് വട്ടിയൂർക്കാവ് കൊടുങ്ങാനൂരുള്ള കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ചടങ്ങ്. ആരോഗ്യ-ഭക്ഷ്യസുരക്ഷ-ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ അധ്യക്ഷത വഹിക്കും. ചടങ്ങിൽ കുട്ടികൾക്കായുള്ള വളർച്ചാ നിരീക്ഷണ പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം മേയർ വി വി രാജേഷ് നിർവഹിക്കും. അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി നൂറുദിന കർമപദ്ധതിയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്. വനിതാ ശിശുവികസന വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പും സംയുക്തമായാണ് ബാല്യസ്പന്ദനം പദ്ധതി നടപ്പാക്കുന്നത്.

കേരളത്തിലെ 33,120 അങ്കണവാടികളിലൂടെ സേവനം ലഭിച്ചുവരുന്ന മുഴുവൻ കുട്ടികൾക്കും സമയബന്ധിതമായി ആരോഗ്യ പരിശോധന ഉറപ്പാക്കുകയും. ആവശ്യമായ സാഹചര്യങ്ങളിൽ തുടർചികിത്സയും നിരീക്ഷണവും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ ത്രൈമാസ ആരോഗ്യ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ബാല്യസ്പന്ദനം പദ്ധതിയിലൂടെ കുട്ടികളുടെ വളർച്ചയും ആരോഗ്യനിലയും നിരന്തരം നിരീക്ഷിക്കുക, വളർച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മറ്റ് ആരോഗ്യപ്രശ്നങ്ങളും പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തുക. ആവശ്യമായ ആരോഗ്യ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക, തുടർചികിത്സയും നിരീക്ഷണവും ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

# ഡിജിപി എസ്. ശ്രീജിത്തിനെതിരായ ഹർജി: വിജിലൻസ് അന്വേഷണ രേഖകൾ ഹാജരാക്കണം, ഉത്തരവിട്ട് ഹൈക്കോടതി

കൊച്ചി: ഡിജിപി എസ്. ശ്രീജിത്തിനെതിരായ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ പത്തു ദിവസത്തിനകം ഹാജരാക്കണമെന്ന് ഉത്തരവിട്ട് ഹൈക്കോടതി. വിജിലൻസ് അന്വേഷണം ആവശ്യമില്ലെന്ന സർക്കാറിന്റെ ക്ലീൻ ചിറ്റ് ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ നിർദേശം. മുദ്രവച്ച കവറിൽ രേഖകൾ ഹാജരാക്കണമെന്ന് ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് ജസ്റ്റീസ് എ. ബദറുദീൻ അധ്യക്ഷനായ സിംഗിൾ ബെഞ്ച് നിർദേശം നൽകി. ഹർജിയിൽ മറുപടി നൽകാൻ സർക്കാർ സാവകാശം തേടി. എസ്. ശ്രീജിത്ത് ട്രാൻസ്പോർട്ട് കമ്മീഷണറായിരുന്ന സമയത്ത് അനുമതിയില്ലാതെ വിദേശയാത്ര നടത്തിയതിൽ ഉൾപ്പെടെ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് എംവിഡി ഉദ്യോഗസ്ഥൻ ദിപിൻ എടവന നൽകിയ പുതിയ ഹർജിയിലാണ് കോടതിയുടെ ഉത്തരവ്. ദിപിൻ എടവന നൽകിയ പരാതിയും തെളിവുകളും കോടതി നേരിട്ട് പരിശോധിക്കും. സെപ്റ്റംബർ 7ന് ഹർജി വീണ്ടും പരിഗണിക്കും. ശ്രീജിത്തിനെതിരെ വിജിലൻസ് അന്വേഷണം വേണമെന്ന ഹർജിയിൽ ഇപ്പോൾ അന്വേഷണം ആവശ്യമില്ലെന്ന് ആഭ്യന്തര വകുപ്പ് സെക്രട്ടറി മിൻഹാജ് ആലം ഹൈക്കോടതിയെ അറിയിച്ചിരുന്നു. പിന്നാലെ കോടതിയുടെ നിർദേശത്തെ തുടർന്നാണ് പരാതിക്കാരൻ പുതിയ ഹർജി സമർപ്പിച്ചത്.

# അപേക്ഷ ക്ഷണിച്ചു

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളിൽ നിന്ന് 2026–27 വർഷത്തെ സാമ്പത്തിക സഹായ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി അപേക്ഷ ക്ഷണിച്ചു. 2026–27 വർഷം ചുരുങ്ങിയത് 100 ദിവസം ജോലി ചെയ്തതും, മിനിമം കൂലി ലഭിക്കാത്തതുമായ അംഗങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹത.

അപേക്ഷാ ഫോറവും, വിശദാംശങ്ങളും കേരളാ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂരിലുള്ള ഹെഡ് ഓഫീസിൽ നിന്നും, കണ്ണൂർ, കോഴിക്കോട്, ഏറണാകുളം, തിരുവനന്തപുരം എന്നീ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ സെപ്റ്റംബർ 15 നകം അതാത് ജില്ല എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കണം.

# കാന്തപുരത്തിൻറെ നിലപാടിൽ വൈരുധ്യം; ഈജിപ്തിലെ മർക്കസ് നോളജ് സിറ്റി പരിപാടിയിൽ സ്ത്രീകൾ, ചിത്രങ്ങൾ പുറത്ത്

മലപ്പുറം: പൊതുവേദിയിൽ സ്ത്രീകൾ എത്തുന്നതിനെ എതിർക്കുന്ന കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാർ സ്ത്രീകൾക്കൊപ്പം പൊതുപരിപാടിയിൽ പങ്കെടുക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. ഈജിപ്തിലെ മർക്കസ് നോളജ് സിറ്റി പരിപാടിയിൽ സ്ത്രീകൾക്കൊപ്പം പങ്കെടുക്കുന്ന ദൃശ്യങ്ങളാണ് പുറത്തുവന്നത്. കുറച്ച് വർഷങ്ങൾക്ക് മുന്പാണ് സമ്മേളനം നടന്നത്. മൂന്ന് വർഷങ്ങൾക്ക് മുന്പ് മർകസ് നോളജ് സിറ്റി തന്നെ സംഘടിപ്പിച്ച അന്താരാഷ പരിസ്ഥിതി കോൺഫറൻസിലും സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്നു. ആ കോൺഫറസിൻറെ വിവരങ്ങളും ചിത്രങ്ങളും പുറത്തുവന്നിട്ടുണ്ട്. നബിദിനാഘോഷ റാലികളിൽ പെൺകുട്ടികളേയും സ്ത്രീകളേയും പങ്കെടുപ്പിച്ചതിന് പിന്നാലെയാണ് സ്ത്രീകൾ പൊതുനിരത്തിലും പൊതുവേദിയിലും അന്യപുരുഷന്മാർക്കൊപ്പം പ്രത്യക്ഷപ്പെടരുതെന്ന നിർദേശവുമായി കാന്തപുരം വിഭാഗം സർക്കുലർ പുറത്തിറക്കിയത്. ഇതിനെതിരെ വലിയ രീതിയിലുള്ള വിമർശനങ്ങളും വിവാദങ്ങളും ഉയർന്നിരുന്നു. എന്നാൽ, ഇത്തരം വിമർശനങ്ങളെയൊന്നും തങ്ങൾ ഭയപ്പെടുന്നില്ലെന്നും പ്രസ്താവനയിൽ ഉറച്ചുനിൽക്കുന്നുവെന്നുമാണ് കാന്തപുരത്തിൻറെ നിലപാട്. സ്ത്രീകൾ വീട്ടിൽ അടങ്ങിയൊതുങ്ങി ജീവിക്കണമെന്നും സ്ത്രീകൾ പൊതുരംഗത്തിറങ്ങിയാൽ അത് വലിയ നാശത്തിന് കാരണമാകുമെന്നുമുള്ള വിവാദ നിലപാട് കാന്തപുരം ആവർത്തിക്കുകയും ചെയ്തു. സ്ത്രീകൾ പൊതുരംഗത്തേക്ക് വരുന്നത് തടയുന്നത് അവരോടുള്ള ബഹുമാനംകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ നടന്ന കേരള മുസ്ലിം ജമാഅത്തിന്റെ ഹുബ്ബുറസൂൽ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'സ്ത്രീകൾ രംഗത്തിറങ്ങിയാൽ നാശമുണ്ടാകുമെന്നതിനാലാണ് ഇസ്ലാം അവർക്ക് പർദ സമ്പ്രദായം നിശ്ചയിച്ചിട്ടുള്ളത്. ഖുർആൻ പഠിപ്പിക്കുന്നതും അങ്ങനെയാണ്. ബുദ്ധിപരമായി ആലോചിച്ചാലും ഇതുതന്നെയാണ് ഏറ്റവും വലിയ സംഗതി. തങ്ങൾക്ക് ഈകാര്യങ്ങൾ പറയാൻ എന്ത് അധികാരമെന്ന് മറ്റു സംഘടനകളോ ആളുകളോ ചോദിച്ചാൽ, തങ്ങളുടെ അധികാരം മതത്തെ സംബന്ധിച്ച് പഠിച്ചവരാണ് എന്നതാണെന്നും അതുകൊണ്ട് സമുദായത്തോട് ഇതു പറയൽ തങ്ങളുടെ നിർബന്ധ ബാധ്യതയാണെന്നും അദ്ദേഹം പറഞ്ഞു.

# വാക്ക് ഇൻ ഇന്റർവ്യു

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ ബോണ്ടഡ് ലക്ചറർമാരുടെ ഒഴിവിലേക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു.

എം.എസ്.സി നഴ്സിങ് ബിരുദവും കെ.എൻ.എം.സി രജിസ്ട്രേഷനുമാണ് യോഗ്യത. വിശദമായ ബയോഡാറ്റ, യോഗ്യത, വയസ്സ്, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ 9 രാവിലെ 10.30 ന് തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ ഹാജരാകണം.

# ഹോട്ടൽ ജീവനക്കാരനാണെന്ന് തെറ്റിദ്ധരിച്ചു; ബിരിയാണിക്കടയിൽ യുവാവിനു മർദനം

ഹൈദരാബാദ്: തെലുങ്കാനയിലെ മഞ്ചേരിയാൽ ജില്ലയിൽ ഭക്ഷണം ആവശ്യപ്പെട്ടതിനെ ചൊല്ലിയുണ്ടായ തർക്കത്തെത്തുടർന്ന് യുവാവിന് മർദനമേറ്റു. ഭക്ഷണം കഴിക്കാനെത്തിയ മനുബോതുല പ്രശാന്ത് എന്നയാളെയാണ് പൊന്നല പ്രശാന്ത്, പൊന്നല കിഷോർ എന്നിവരടങ്ങിയ സംഘം ആക്രമിച്ചത്. ശ്രീരാംപൂർ ഏരിയ ബസ് സ്റ്റാൻഡിന് സമീപമുള്ള ശിവാജി ബിരിയാണി സെൻററിലാണ് സംഭവം നടന്നത്.

ഹോട്ടൽ ജീവനക്കാരനാണെന്ന് തെറ്റിദ്ധരിച്ച് പ്രതികൾ മനുബോതുല പ്രശാന്തിനോട് തൈര് ആവശ്യപ്പെടുകയായിരുന്നു. ഇദ്ദേഹം ജീവനക്കാരനല്ലെന്ന് വ്യക്തമാക്കിയിട്ടും ഇവർ പ്രകോപിതരായി മനുബോതുല പ്രശാന്തിനെ മർദിച്ചു. ഇദ്ദേഹത്തിൻറെ പരാതിയിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഹോട്ടലിലെ സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചുവരികയാണ്.

# ഇറ്റലിയിലെ 'മോൻസൻ മാവുങ്കൽ': വ്യാജ ഗ്രീക്ക് ആംഫി തിയറ്റർ നിർമിച്ച് 69കാരൻ തട്ടിയത് കോടികൾ

ലോകം കണ്ടതിൽ ഏറ്റവും വലിയ പുരാവസ്തു തട്ടിപ്പുകാരിലൊരാളാണ് മോൻസൻ മാവുങ്കൽ. മോശയുടെ അംശവടി, യേശുക്രിസ്തുവിനെ ഒറ്റിക്കൊടുക്കാൻ യൂദാസിനു ലഭിച്ച 30 വെള്ളിക്കാശുകളിൽ രണ്ടെണ്ണം, യേശുക്രിസ്തുവിൻറെ രക്തം പുരണ്ട വസ്ത്രത്തിൻറെ ഭാഗം, മദർ തെരേസയുടെ മുടിയിഴ, ശ്രീകൃഷ്ണൻറെ വെണ്ണക്കുടം, ടിപ്പു സുൽത്താൻറെ സിംഹാസനം, വാളുകൾ, ശബരിമല ചെന്പോല, മുഹമ്മദ് നബിയുമായി ബന്ധപ്പെട്ട വിളക്ക്, രാജാ രവിവർമയുടെയും പിക്കാസോയുടെയും ഡാവിഞ്ചിയുടെയും യഥാർഥ ചിത്രങ്ങൾ, മുഗൾ ചക്രവർത്തി ഔറംഗസേബിൻറെ മോതിരം തുടങ്ങി നിരവധി അമൂല്യ പുരാവസ്തുക്കൾ തൻറെ പക്കലുണ്ടെന്നു വിശ്വസിപ്പിച്ചായിരുന്നു മോൻസൻറെ തട്ടിപ്പ്. കൊച്ചി കലൂരിലെ വീട് പുരാവസ്തു മ്യൂസിയമായി ഇയാൾ മാറ്റിയിരുന്നു. രാഷ്ട്രീയക്കാർ, സിനിമാക്കാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ഇയാൾക്ക് അടുത്തബന്ധം ഉണ്ടായിരുന്നു.

മോൻസനെപ്പോലെയുള്ള മറ്റൊരു തട്ടിപ്പുവീരൻറെ കഥകേട്ട്, ആളുകൾ തലയിൽ കൈവച്ചു! യൂറോപ്യൻ യൂണിയനെവരെ വെട്ടിൽവീഴ്ത്തിയ തട്ടിപ്പ്. ഇറ്റലിയിലാണു സംഭവം. ആംഫി തിയറ്ററിൻറെ മാതൃകയിൽ കെട്ടിടം നിർമിച്ച്, പ്രാചീന ഗ്രീക്ക് ആംഫി തിയറ്ററാണെന്ന് വിനോദസഞ്ചാരികളെ വിശ്വസിപ്പിച്ച്, വർഷങ്ങളോളം തട്ടിപ്പുനടത്തിയ 69കാരനായ ഇറ്റാലിയൻ സ്വദേശി ഫ്രാങ്കോ മലോസോ നിസാരക്കാരനല്ല. യുറോപ്യൻ യൂണിയൻറെ ടൂറിസ്റ്റ് ഗൈഡിൽ വരെ ഇയാളുടെ വ്യാജ തിയറ്റർ ഇടംപിടിച്ചിരുന്നു. കോടികളാണ് ഇത്തരത്തിൽ ഇയാൾ തട്ടിയെടുത്തത്.

വടക്കൻ ഇറ്റലിയിലെ വെനെറ്റോ മേഖലയിലുള്ള വിസെൻസയ്ക്കു സമീപമാണ് മലോസോ വ്യാജ സ്മാരകം നിർമിച്ചത്. 5,000 ചതുരശ്ര മീറ്ററിലായിരുന്നു നിർമാണം. ഗാരേജ് നിർമിക്കാൻ അനുമതി നേടിയ സ്ഥലത്ത് പിന്നീട്, ഇയാൾ രഹസ്യമായി നിർമിതികൾക്കു രൂപം നൽകുകയായിരുന്നു. ചരിത്രപ്രാധാന്യമുള്ള ആംഫി തിയേറ്ററിൻറെ ഏകദേശ മാതൃകയിലായിരുന്നു നിർമാണം. തുടർന്ന് ഇയാൾ വ്യാജപ്രചാരണം ആരംഭിച്ചു. 2005-ൽ ഉരുൾപൊട്ടലിനെത്തുടർന്നാണു പുരാശേഷിപ്പുകൾ കണ്ടെത്തിയതെന്നായിരുന്നു ഇയാളുടെ അവകാശവാദം. ബെറിക്കോ ആംഫിതിയേറ്റർ എന്നാണ് ഇയാൾ ആംഫി തിയറ്ററിനു പേരിട്ടത്. 2014-ൽ വിനോദസഞ്ചാരികൾക്കായി തിയറ്റർ തുറന്നുകൊടുക്കുകയും ചെയ്തു മലോസോ. സംഗീത പരിപാടികൾ, ചരിത്ര സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികൾ അവിടെ സംഘടിപ്പിക്കുകയും ചെയ്തു.

# വയോജന കമ്മീഷൻ ഒന്നാം വാർഷികാഘോഷം ഇന്ന്

## സാമൂഹ്യനീതി വകുപ്പ് മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ പരിപാടി ഉദ്ഘാടനം ചെയ്യും

ഇന്ത്യയിലാദ്യമായി വയോജനങ്ങളുടെ ക്ഷേമവും അവകാശ സംരക്ഷണവും ലക്ഷ്യമിട്ട് രൂപീകരിച്ച കേരള സംസ്ഥാന വയോജന കമ്മീഷന്റെ ഒന്നാം വാർഷികാഘോഷ പരിപാടികളുടെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 1ന്) രാവിലെ 10 മണിക്ക് തിരുവനന്തപുരം അയ്യൻകാളി ഹാളിൽ സാമൂഹ്യനീതി വകുപ്പ് മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ നിർവഹിക്കും. ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി. പി. ജോൺ അധ്യക്ഷത വഹിക്കും.കേരള നിയമസഭ പാസാക്കിയ നിയമപ്രകാരം നിലവിൽ വന്ന കമ്മീഷൻ, 2026 സെപ്റ്റംബർ മൂന്നിനാണ് പ്രവർത്തനം തുടങ്ങി ഒരു വർഷം പൂർത്തിയാക്കുന്നത്. പ്രവർത്തനം തുടങ്ങി ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ വയോജനങ്ങളെ ബാധിക്കുന്ന വിവിധ മേഖലകളിൽ ശ്രദ്ധേയമായ ഇടപെടലുകളും പ്രവർത്തനങ്ങളും നടത്താൻ കമ്മീഷന് സാധിച്ചിട്ടുണ്ട്.

വയോജന കമ്മീഷൻ ചെയർപേഴ്സൺ അഡ്വ. കെ. സോമപ്രസാദ് ചടങ്ങിൽ സാഗതം ആശംസിക്കും. വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി. സതീദേവി, വയോജന ക്ഷേമ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. ഖേൽക്കർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഡോ. അരുൺ എസ്. നായർ, വയോജന കമ്മീഷൻ അംഗങ്ങളായ അമരവിള രാമകൃഷ്ണൻ, കെ. എൻ. കെ. നമ്പൂതിരി, പ്രൊഫ. ലോപസ് മാത്യു, ഇ. എം. രാധ എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു സംസാരിക്കും. വയോജന കമ്മീഷൻ സെക്രട്ടറി വിനോദ് ജി. കൃതജ്ഞത രേഖപ്പെടുത്തും.

## ഇന്റേൺഷിപ്പ് പ്രോഗ്രാമിലേക്ക് അപേക്ഷിക്കാം

തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസ് സെപ്റ്റംബറിൽ ആരംഭിക്കുന്ന ഇന്റേൺഷിപ്പ് പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡാറ്റ അനലറ്റിക്സ്, ഡാറ്റ സയൻസ് യൂസിംഗ് പൈത്തൺ, ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ് യൂസിംഗ് പൈത്തൺ ഡിജാങ്ഗോ കോഴ്സുകളിലാണ് ഇന്റേൺഷിപ്പ്. https://skillcentre.ihrd.ac.in ൽ രജിസ്റ്റർ ചെയ്യാം. വിവരങ്ങൾക്ക്: 9495069307, 8547005087, 8136882389, 0471-2550612.

## കേന്ദ്രീകൃത അലോട്ട്മെന്റ്

കേരളത്തിലെ സർക്കാർ, സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജുകളിലെ 2026 ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ സംസ്ഥാന ക്വാട്ട സീറ്റുകളിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾക്ക് അതത് കോളേജുകളിൽ സെപ്റ്റംബർ 5 വൈകിട്ട് 4 വരെ പ്രവേശനം നേടാം. ഹെൽപ് ലൈൻ : 04712332120, 2338487.

# ക്രമസമാധാനം നോക്കേണ്ടത് സർക്കാർ; സിജെപി മാർച്ചിൽ ഇടപെടില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സെപ്റ്റംബർ അഞ്ചിന് ഡൽഹിയിൽ നടക്കാനിരിക്കുന്ന സിജെപി മാർച്ച് വിലക്കണമെന്ന ഹർജിയിൽ ഇടപെടാൻ വിസമ്മതിച്ച് സുപ്രീംകോടതി. ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ മാർച്ചിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. എന്നാൽ പ്രദേശത്ത് ക്രമസമാധാനം ഉറപ്പാക്കേണ്ടത് ബന്ധപ്പെട്ട അധികൃതരുടെ ചുമതലയാണെന്ന് കോടതി വ്യക്തമാക്കി.

അനിഷ്ട സംഭവങ്ങൾ ഉണ്ടാകുമെന്ന് മുൻകൂട്ടി കണക്കാക്കേണ്ട സാഹചര്യമില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജിയിൽ ഇടപെടാൻ സുപ്രീം കോടതി വിസമ്മതിച്ചത്. സെപ്റ്റംബർ അഞ്ചിന് ഇന്ത്യാ ഗേറ്റിൽ നിന്ന് ഡൽഹി പോലീസ് ആസ്ഥാനത്തേക്ക് സമാധാനപരമായ പ്രതിഷേധ മാർച്ചിനാണ് സിജെപി പ്രവർത്തക സമിതി ആഹ്വാനം ചെയ്തിരിക്കുന്നത്.

ജന്തർ മന്തറിലെ വിദ്യാർഥി പ്രതിഷേധം അവസാനിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ വാഗ്ദാനങ്ങൾ നൽകിയിരുന്നു. എന്നാൽ ഇവ പാലിച്ചില്ലെന്നാരോപിച്ചാണ് സിജെപി വീണ്ടും പ്രക്ഷോഭത്തിന് ഒരുങ്ങുന്നത്. ജന്തർ മന്തറിലെ വിദ്യാർഥി പ്രതിഷേധവുമായി ബന്ധപ്പെട്ട് കേസുകൾ എടുക്കില്ലെന്ന തടക്കമുള്ള വാഗ്ദാനങ്ങൾ കേന്ദ്ര സർക്കാർ പാലിച്ചില്ലെന്നാണ് സിജെപിയുടെ പരാതി.

## സ്പോട്ട് അഡ്മിഷൻ

കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ 2026-27 അധ്യയന വർഷത്തെ ത്രിവത്സര ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 2ന് സ്പോട്ട് അഡ്മിഷൻ നടക്കും. രാവിലെ 9 മുതൽ 11 വരെയാണ് രജിസ്ട്രേഷൻ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഇനിയും അപേക്ഷിക്കാത്തവർക്കും ഓൺലൈൻ അപേക്ഷ സമർപ്പിച്ച് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. വിവരങ്ങൾക്ക്: www.polyadmission.org/let.

## ഡിപ്ലോമ ലാറ്ററൽ എൻട്രി പ്രവേശനം

കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ 2026-27 അധ്യയന വർഷത്തെ ത്രിവത്സര ഡിപ്ലോമ കോഴ്സുകളിൽ മൂന്നാം സെമസ്റ്ററിലേക്ക് ലാറ്ററൽ എൻട്രി പ്രകാരം ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 3ന് സ്പോട്ട് അഡ്മിഷൻ നടക്കും. രാവിലെ 9 മുതൽ 11 വരെയാണ് രജിസ്ട്രേഷൻ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഇനിയും അപേക്ഷിക്കാത്തവർക്കും ഓൺലൈൻ അപേക്ഷ സമർപ്പിച്ച് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. വിവരങ്ങൾക്ക്: www.polyadmission.org/let.

## പരിശീലനത്തിന് അപേക്ഷിക്കാം

തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. യുടെ സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജീസ് ആൻഡ് സ്കിൽസ് സെപ്റ്റംബറിൽ ആരംഭിക്കുന്ന യുജിസി- നെറ്റ് പേപ്പർ ക & കക (ഹൈബ്രിഡ് മോഡ്) പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, ഇംഗ്ലീഷ്, മലയാളം, മാനേജ്മെന്റ് വിഷയങ്ങളിലാണ് പരിശീലനം. രജിസ്ട്രേഷന്: 8136882389, 9495069307, 8547005087, 0471- 2550612.

# സ്ത്രീ-പുരുഷ തുല്യത റദ്ദ് ചെയ്യാനുള്ള ലൈസൻസ് ആർക്കുമില്ല: മന്ത്രി റോജി എം. ജോൺ

കൊച്ചി: ലിംഗ, ജാതി, മത ഭേദമന്യേ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ സ്ത്രീകൾക്ക് കൂടിയുള്ളതാണെന്നും ആ തുല്യതയെ റദ്ദ് ചെയ്യാനുള്ള ലൈസൻസ് ഒരാൾക്കുമില്ലെന്നും മന്ത്രി റോജി എം. ജോൺ. അരങ്ങിൽ നിന്ന് അടുക്കളയിലേക്ക് സ്ത്രീകളെ തിരിച്ചയക്കണമെന്ന പ്രതിലോമകരമായ ചിന്താഗതി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ആവർത്തിക്കപ്പെടുന്നത് ദൗർഭാഗ്യകരമാണെന്നും മന്ത്രി ഫേസ്ബുക്ക് കുറിപ്പിൽ പറഞ്ഞു.

കുറിപ്പിൻറെ പൂർണരൂപം:

'അടുക്കളകളിൽ നിന്ന് സ്ത്രീകൾ അരങ്ങുകളിലേക്കെത്തിയത് പെട്ടെന്നൊരു സുപ്രഭാതത്തിൽ ആയിരുന്നില്ല. നൂറ്റാണ്ടുകളുടെ പോരാട്ടങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയുമാണ് അങ്ങിനെയൊരു സാമൂഹിക മുന്നേറ്റം സംഭവിച്ചത്.

മാറ് മറക്കാനുള്ള അവകാശത്തിനായി ഉജ്വലമായ പോരാട്ടം നടന്ന നാടാണിത്. ഗുരുവായൂർ സത്യാഗ്രഹത്തിൻറെ വേദിയിൽ കയറി പ്രസംഗിച്ച്, കെ. കേളപ്പജിക്ക് ശേഷം നിരാഹാരം കിടക്കാമെന്ന് പ്രഖ്യാപിച്ച ആര്യ പള്ളത്തിൻറെ നാടാണ്.

പുലയടീച്ചർ എന്ന വിളി കേട്ട് തളർന്ന് വീഴാതെ വീണ്ടും പോരാടി ഇന്ത്യൻ ഭരണഘടനയിൽ തൻറെ പ്രാതിനിധ്യം എഴുതിച്ചേർത്ത ദാക്ഷായണി വേലായുധൻറെ നാടാണ്. ഞാനാണ് നേതാവ്, ആദ്യം എനിക്ക് നേരെ വെടിവയ്ക്ക് എന്ന് പറയാൻ ഭയപ്പെടാത്ത അക്കാമ്മ ചെറിയാൻറെ നാടാണ്.

ചരിത്രത്തിൽ പേര് രേഖപ്പെടുത്തപ്പെട്ടവരും ഇല്ലാത്തവരുമായ അസംഖ്യം മനുഷ്യർ വെട്ടിത്തെളിച്ച വിപ്ലവകരമായ നവോത്ഥാന വഴികളിലൂടെയാണ് സ്ത്രീസമൂഹം അവകാശങ്ങൾ നേടിയെടുത്തത്. പൊതുമണ്ഡലത്തിൽ സ്ഥാനം ഉണ്ടാക്കിയെടുത്തത്.

ഇന്ത്യയൊട്ടാകെ നോക്കിയാൽ സാവിത്രിഭായ് ഫൂലയെ പോലുള്ളവർ കൊളുത്തിവെച്ച വിദ്യാഭ്യാസത്തിൻറെ വെളിച്ചമാണ് കോടിക്കണക്കിന് പെൺകുട്ടികൾക്ക് സ്വപ്നം കാണാൻ ധൈര്യം നൽകിയത്. ഇവിടെ ഭൂമിയിൽ മാത്രമല്ല, അങ്ങ് ശൂന്യാകാശത്തും ഇടം കണ്ടെത്തിയ സുനിത വില്യംസിൻറെ കാലത്താണ് നമ്മൾ ജീവിക്കുന്നത്.

ദീർഘകാലം ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്ന ഇന്ദിര ഗാന്ധിയും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പാർട്ടിയായ കോൺഗ്രസിനെ ഏറ്റവും കൂടുതൽ കാലം നയിച്ച സോണിയ ഗാന്ധിയും മുതൽ ജെസിന്ത ആർഡൻ വരെ ലോകവേദിയിൽ ഭരണപാടവവും സംഘടനാ ശേഷിയും തെളിയിച്ച എത്രയോ മഹിളാരത്നങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതൽ സിവിൽ സർവീസിലും ഗവേഷണ-ശാസ്ത്ര സാങ്കേതിക മേഖലകളിലും മലയാളി പെൺകുട്ടികൾ അടക്കമുള്ളവർ വിസ്മയങ്ങൾ തീർക്കുകയാണ്. അഡ്വ. ഷാനിമോൾ ഉസ്മാൻ ഡെപ്യൂട്ടി സ്പീക്കറായി കേരളത്തിൻറെ നിയമസഭയെ നിയന്ത്രിക്കുകയാണ്. കേരളത്തിലെ ആദ്യ ദളിത് വനിത മന്ത്രി കെ. എ. തുളസി ടീച്ചറും, അഡ്വ. ബിന്ദു കൃഷ്ണയും കേരളത്തിൻറെ ഭരണത്തെ നയിക്കുകയാണ്.

ഇന്ത്യയെന്ന ജനാധിപത്യ പരമാധികാര റിപ്പബ്ലിക്കിനെ നയിച്ചുകൊണ്ടിരിക്കുന്നത് ദ്രൗപതി മുർമുവെന്ന വനിതയാണ്. ഈ രാജ്യം നിലനിൽക്കുന്നത് ഭരണഘടനാപരമായ തുല്യ നീതിയിലാണ്. ലിംഗ, ജാതി, മത ഭേദമന്യേ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ സ്ത്രീകൾക്ക് കൂടിയുള്ളതാണ്. ഭരണഘടനാപരമായ ആ തുല്യതയെ റദ്ദ് ചെയ്യാനുള്ള ലൈസൻസ് ഒരാൾക്കുമില്ല. ചരിത്രത്തിൻറെ ചക്രം തിരിയുന്നത് മുന്നോട്ടാണ്. അതിനെ പിന്നോട്ട് തിരിക്കാൻ ശ്രമിക്കുന്നവരെ കാലം തിരിച്ചറിയും.

## 1,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം സെപ്റ്റംബർ 1ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/297/2026ഫിൻ. തിയതി 24.08.2026 & നമ്പർ: എസ്.എസ്-1/298/2026ഫിൻ. തിയതി 24.08.2026) വിശദാംശങ്ങൾക്കും www.finance.kerala.gov.in സന്ദർശിക്കുക.

## ആലുവയിൽ കാണാതായ യുവാവിൻെറ മൃതദേഹം കണ്ടെത്തി

കൊച്ചി: ആലുവയിൽ കാണാതായ യുവാവിൻറെ മൃതദേഹം കണ്ടെത്തി. തടിക്കടവ് പാലത്തിന് സമീപം നടത്തിയ പരിശോധനയിൽ മാഞ്ഞാലിക്കടവിൽ നിന്നാണ് മൃതദേഹം കിട്ടിയത്. കൊച്ചിൻ പോർട്ടിലെ കരാർ ജീവനക്കാരനായ വൈശാഖിനെ (41) കഴിഞ്ഞ ശനിയാഴ്ചയാണ് കാണാതായത്. പോലീസ് അന്വേഷണം നടത്തുന്നതിനിടെ തടിക്കക്കടവ് പാലത്തിന് സമീപത്തു നിന്നും യുവാവിൻറെ വാഹനം കണ്ടെത്തിയിരുന്നു. തുടർന്ന് പുഴയിലും തെരച്ചിൽ നടത്തി. ആലുവ വെളിയത്തു നാട് പെരിയാർ റിവ്യൂ എന്ന ഫ്ളാറ്റിലാണ് വൈശാഖ് താമസിച്ചിരുന്നത്. കൊച്ചിൻ പോർട്ടിലെ കരാർ ജീവനക്കാരനായ വൈശാഖിന് സാമ്പത്തിക പ്രശ്നങ്ങളുണ്ടായിരുന്നതായാണ് വിവരങ്ങൾ. ഭാര്യ റിസർവ് ബാങ്ക് ജീവനക്കാരിയാണ്.

## തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രവേശനം

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ്, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ്, ഡി സി എ, പി ജി ഡി സി എ, വേഡ് പ്രോസസ്സിങ് ആൻഡ് ഡാറ്റ എൻട്രി, ഡി ടി പി എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ.വിവരങ്ങൾക്ക് 9544499114, 8848119449/ നെയ്യാറ്റിൻകര കെ എസ് ആർ ടി സി ബസ് സ്റ്റാൻഡിന് സമീപമുള്ള വി ജി എസ് ടവറിൽ പ്രവർത്തിക്കുന്ന കെൽട്രോൺ അംഗീകൃത പഠനകേന്ദ്രമായ ഹെവൻലി എഡ്യു അക്കാദമിയിലും ബന്ധപ്പെടാം.

## വീട് കൈയേറി വാനരൻമാർ; തൊട്ടിലാട്ടം, അഴിഞ്ഞാട്ടം ദൃശ്യങ്ങൾ പുറത്ത്

വണ്ടിപ്പെരിയാർ: വള്ളക്കടവിൽ വാനരന്മാരുടെ ശല്യം കൊണ്ടു പൊറുതിമുട്ടി നാട്ടുകാർ. പറമ്പിലെ കൃഷികളും വിളകളും നശിപ്പിച്ചു രസിച്ചിരുന്ന വാനരൻമാർ ഇപ്പോൾ കൂട്ടത്തോടെയെത്തി വീടുകൾ കൈയേറി നശിപ്പിക്കുന്ന സ്ഥിതിയിലേക്കു കാര്യങ്ങളെത്തി. ഏലം കൃഷിയും കുരങ്ങുകൾ നശിപ്പിക്കുന്നതാണ് കർഷകരെ വിഷമിപ്പിക്കുന്നത്. വന അതിർത്തിയോടു ചേർന്നു കിടക്കുന്ന പ്രദേശമായ വള്ളക്കടവ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലാണ് ശല്യം കൂടുതൽ. ഒറ്റയ്ക്കൊറ്റയ്ക്ക് എത്തുന്ന കുരങ്ങുകൾ വീടുകളിൽനിന്നു ചെറിയ ചെറിയ വസ്തുക്കൾ, ഭക്ഷണപദാർഥങ്ങൾ, വസ്ത്രങ്ങൾ എന്നിവ എടുത്തുകൊണ്ടുപോകുന്നതു നേരത്തെയും പതിവായിരുന്നു. എന്നാൽ, കഴിഞ്ഞ ദിവസം വള്ളക്കടവ് മേഖലയിൽ കൂട്ടത്തോടെ എത്തിയ സംഘം ഏലം കൃഷിയുടെ തട്ടകൾ പിഴുതെറിഞ്ഞു. വീടുകൾക്കുള്ളിൽ കയറി വ്യാപക നാശം വിതച്ചു. കുട്ടികളുടെ തൊട്ടിലിൽ കയറി ആടുകയും കളിപ്പാട്ടങ്ങളും മറ്റു വസ്തുക്കളും നശിപ്പിക്കുകയും ചിലതൊക്കെ എടുത്തുകൊണ്ടു പോവുകയുംചെയ്തു. കുരങ്ങുകൾ കൂട്ടത്തോടെ എത്തി വീടിനുള്ളിൽ അതിക്രമം കാണിക്കുന്നതിൻറെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. വനം വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നു നാട്ടുകാർ ആവശ്യപ്പെട്ടു. ഇതിനിടെ, കാട്ടാനയുടെ ശല്യം ഇപ്പോൾ വള്ളക്കടവ് മേഖലയിലേക്ക് എത്തിത്തുടങ്ങിയിട്ടുണ്ട്.

## മെസിയുടെ പേരിലെ കള്ളക്കളി; എസ്ഐടി രൂപീകരിക്കുന്നു

തിരുവനന്തപുരം: അർജൻറീന ഫുട്ബോൾ ടീമിനെ കേരളത്തിലെത്തിക്കുമെന്ന പേരിൽ നടത്തിയ തട്ടിപ്പിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുന്നു. സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ മുഖ്യമന്ത്രി വി. ഡി. സതീശൻ ശിപാർശ ചെയ്തു. ഇതുസംബന്ധിച്ച ഫയൽ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന് കൈമാറി. തുടക്കം മുതൽ നടന്ന മുഴുവൻ നടപടികളും അന്വേഷണ വിധേയമാക്കും. മുതിർന്ന പോലീസ് ഉദ്യോഗസ്ഥനാകും അന്വേഷണത്തിന് നേതൃത്വം നൽകുക. റിപ്പോർട്ടർ കമ്പനിയെ സ്പോൺസറായി തെരഞ്ഞെടുത്തതെങ്ങനെ, സ്വകാര്യ കമ്പനിക്ക് അനുകൂലമായി വഴിവിട്ട നീക്കങ്ങൾ നടന്നോ, സാമ്പത്തിക ഇടപാടുകളും ഫണ്ടിൻറെ സ്രോതസ് തുടങ്ങിയ അന്വേഷണ പരിധിയിൽ വരും. മെസിയെ കേരളത്തിലെത്തിക്കുമെന്ന പേരിൽ നടത്തിയ വിദേശ സന്ദർശനം, കരാറുകൾ, വിവിധ സർക്കാർ രേഖകൾ, ബാങ്ക് ഇടപാടുകൾ എന്നിവയും പരിശോധിക്കും. അന്വേഷണ സംഘത്തിന് രേഖകളും സാമ്പത്തിക ഇടപാടുകളും ഉൾപ്പെടെ മുഴുവൻ വിവരങ്ങളും പരിശോധിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകും.

## എം.ഡി.എസ്: ഓപ്ഷൻ രജിസ്ട്രേഷൻ

ഒന്നാംഘട്ട പി.ജി. ദന്തൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള ഓപ്ഷൻ രജിസ്ട്രേഷൻ സമർപ്പിക്കുന്നതിനുള്ള തിയതി സെപ്റ്റംബർ 3 രാവിലെ 11 മണി വരെ നീട്ടി. വിവരങ്ങൾക്ക്: www.cee.kerala.gov.in. , 04712332120, 2338487.

## മുഖ്യമന്ത്രിയെ കാണാൻ. . ; ഇനി ആഴ്ചയിൽ മൂന്ന് ദിവസങ്ങളിൽ മാത്രം അനുമതി

തിരുവനന്തപുരം: മുഖ്യമന്ത്രിയെ കാണാനെത്തുന്നവരുടെ അനിയന്ത്രിത തിരക്ക് ഒഴിവാക്കുന്നതിൻറെ ഭാഗമായി സന്ദർശകരുടെ സമയത്തിൽ നിയന്ത്രണം. വരുന്ന ബുധനാഴ്ച മുതൽ പുതിയ ക്രമീകരണങ്ങൾ നിലവിൽ വരും.

തിങ്കൾ, ബുധൻ, വെള്ളി എന്നീ മൂന്ന് ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് മൂന്ന് മുതൽ 5: 30 വരെ മാത്രമായിരിക്കും മുഖ്യമന്ത്രിയെ നേരിട്ട് കാണുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. അനിയന്ത്രിതമായി വർധിച്ച തിരക്ക് ഓഫീസിൻറെ പ്രവർത്തനങ്ങളെയും പ്രധാന യോഗങ്ങളെയും ബാധിക്കുന്ന സാഹചര്യത്തിലാണ് പുതിയ തീരുമാനമെന്ന് സിഎംഒ വിശദീകരിച്ചു.



ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണന് തിരുവനന്തപുരം വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ യാത്രയയപ്പ് നൽകുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കൈറ്റോണുകളുടെ പരിണാമം പ്രകൃതിനിർദ്ധാരണത്തിൽ നിർണായകം

## ശാസ്ത്രലോകത്തെ ശ്രദ്ധേയ കണ്ടെത്തലുമായി കുഫോസ് ഗവേഷകർ



കടലിലെ പാറകളിൽ പറ്റിപ്പിടിച്ച് ജീവിക്കുന്ന, പുറംതോടായി എട്ട് ചെറു പാളികളുള്ള ചെറിയ സമുദ്ര മോളസ്കുകളാണ് കൈറ്റോണുകൾ. കോടിക്കണക്കിന് വർഷങ്ങളായി വലിയ ശരീരഘടനാ മാറ്റങ്ങളില്ലാതെ നിലനിൽക്കുന്ന ഈ പുരാതന ജീവികളിൽ പരിണാമം എങ്ങനെയാണ് നടക്കുന്നതെന്നത് ശാസ്ത്ര ലോകത്തെ ആശയക്കുഴപ്പത്തിലാക്കിയ ഒരു പ്രധാന ചോദ്യമായിരുന്നു. എന്നാൽ കൈറ്റോണുകളുടെ ജനിതക ഘടന പഠനത്തിലൂടെ, ഇവയുടെ പരിണാമത്തിൽ പ്രകൃതിനിർദ്ധാരണത്തിന് നിർണായക പങ്കുണ്ടെന്ന് കണ്ടെത്തിയിരിക്കുകയാണ് കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിലെ (കുഫോസ്) ശാസ്ത്രജ്ഞരുടെ നേതൃത്വത്തിലുള്ള ഗവേഷക സംഘം.

പുറമേ നോക്കുമ്പോൾ വലിയ മാറ്റങ്ങളൊന്നുമില്ലാതെ കോടിക്കണക്കിന് വർഷങ്ങളായി നിലനിൽക്കുന്ന കൈറ്റോണുകൾക്കുള്ളിൽ പരിണാമം തുടർന്നുകൊണ്ടിരിക്കുകയാണെന്നാണ് പുതിയ കണ്ടെത്തൽ. കൈറ്റോണുകളുടെ ജനിതക ഘടന പഠിച്ചതിലൂടെ, ഇവയുടെ പരിണാമത്തിൽ പ്രകൃതിനിർദ്ധാരണത്തിന് പ്രധാന പങ്കുണ്ടെന്ന് ഗവേഷകർ കണ്ടെത്തി.

കേരള തീരത്തുനിന്നുള്ള രണ്ട് കൈറ്റോൺ ഇനങ്ങളുടെ മൈറ്റോകോൺഡ്രിയൽ ജീനോം കോശങ്ങൾക്ക് ആവശ്യമായ ഊർജം ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ജനിതക വിവരങ്ങൾ അടങ്ങിയ ഭാഗം ആദ്യമായി പൂർണമായി ക്രമീകരിച്ചാണ് പഠനം നടത്തിയത്. ചോമ്പാലയിൽനിന്ന് അരമിവേീരവശഃീമാമവലിശെെനെയും വർക്കലയിൽനിന്ന് ജഹമഃശുവീൃമ ൃേശരീഹീൃനെയും ശേഖരിച്ചാണ് ഗവേഷകർ പഠനം നടത്തിയത്.

**44 ഇനം കീറ്റോണുകളെ പഠിച്ചു**

കേരളത്തിൽനിന്ന് ലഭിച്ച പുതിയ ജനിതക വിവരങ്ങൾക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 42 കൈറ്റോൺ ഇനങ്ങളുടെ ജനിതക വിവരങ്ങളും ഗവേഷകർ പരിശോധിച്ചു. ആകെ 44 ഇനം കൈറ്റോണുകളുടെ വിവരങ്ങൾ താരതമ്യം ചെയ്ത് അവ തമ്മിലുള്ള പരിണാമബന്ധം മനസ്സിലാക്കാൻ ശ്രമിച്ചു. ഇതിലൂടെ കൈറ്റോണുകളുടെ കുടുംബബന്ധത്തെക്കുറിച്ചുള്ള ചില പഴയ സംശയങ്ങൾക്കും വ്യക്തത ലഭിച്ചു. പ്രത്യേകിച്ച് Plaxiphora എന്ന വിഭാഗത്തിന്റെ പരിണാമബന്ധം കൂടുതൽ വ്യക്തമായി. മുമ്പ് രൂപസാദൃശ്യത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊരു വിഭാഗവുമായി ബന്ധപ്പെടുത്തി കണക്കാക്കിയിരുന്ന ഇവയ്ക്ക് വ്യത്യസ്തമായ പരിണാമവഴിയാണുള്ളതെന്ന് ജനിതക പഠനം വ്യക്തമാക്കുന്നു.

**പരിസ്ഥിതിയോട് പൊരുത്തപ്പെടാൻ ജീനുകളിലും മാറ്റം**

കടൽത്തീരത്തെ പാറകളിലും വേലിയേറ്റ മേഖലകളിലും ജീവിക്കുന്ന കൈറ്റോണുകൾക്ക് എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളാണ് നേരിടേണ്ടിവരുന്നത്. വേലിയേറ്റവും ഇറക്കവും, താപനിലയിലെ മാറ്റങ്ങളും ഓക്സിജന്റെ ലഭ്യതയിലെ വ്യത്യാസങ്ങളും ഇവയുടെ ജീവിതത്തെ സ്വാധീനിക്കുന്നു. ഇത്തരം സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നതിനായി കോശങ്ങൾക്ക് ഊർജം ഉൽപാദിപ്പിക്കുന്നതിൽ പ്രധാന പങ്കുള്ള ചില ജീനുകളിൽ സ്വാഭാവിക മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് ഗവേഷകർ കണ്ടെത്തി.

ഈ മാറ്റങ്ങൾ കൈറ്റോണുകൾക്ക് പ്രതികൂലമായ സാഹചര്യങ്ങളിൽ അതിജീവിക്കാൻ സഹായിച്ചിരിക്കാമെന്നാണ് പഠനം സൂചിപ്പിക്കുന്നത്.

**’നിശബ്ദ’ മാറ്റങ്ങൾ പോലും പ്രാധാന്യമുള്ളത്**

ജനിതക ഘടനയിലെ ചില മാറ്റങ്ങൾ സാധാരണയായി ജീവിയിൽ പ്രകടമായ മാറ്റങ്ങളൊന്നും ഉണ്ടാക്കാത്തവയായി കണക്കാക്കാറുണ്ട്. എന്നാൽ കൈറ്റോണുകളുടെ കാര്യത്തിൽ ഇത്തരം ‘നിശ്ശബ്ദ’ ജനിതക മാറ്റങ്ങളിലും പ്രകൃതിനിർദ്ധാരണത്തിന്റെ സ്വാധീനം ഉണ്ടെന്ന് പഠനം കണ്ടെത്തി. അതായത്, കൈറ്റോണുകളുടെ പരിണാമം പുറമേ കാണുന്ന ശരീരമാറ്റങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. ശരീരത്തിനുള്ളിലെ കോശതലത്തിലും ജനിതകതലത്തിലും പരിണാമം നടക്കുന്നുണ്ട് എന്നാണ് പഠനം വ്യക്തമാക്കുന്നത്.

**കോടിക്കണക്കിന് വർഷങ്ങളായി നിലനിൽക്കുന്ന ജീവി**

കൈറ്റോണുകൾ വളരെ പുരാതനമായ സമുദ്രജീവികളാണ് ദീർഘകാലമായി ഇവയുടെ അടിസ്ഥാന ശരീരഘടനയിൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ പുറമേ വലിയ മാറ്റമില്ലാത്തപ്പോഴും ജനിതകതലത്തിൽ പരിസ്ഥിതിയോട് പൊരുത്തപ്പെടുന്ന മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കാം എന്നതിന് ഈ പഠനം തെളിവ് നൽകുന്നു.

“പുറമേ മാറ്റമില്ലെങ്കിലും ഉള്ളിൽ പരിണാമം തുടരാം” എന്ന പ്രധാന സന്ദേശമാണ് ഈ ഗവേഷണം നൽകുന്നത്.

**ഇന്ത്യൻ തീരത്തെ കൈറ്റോൺ പഠനത്തിന് പുതിയ വഴി**

ഇന്ത്യൻ തീരത്തുനിന്നുള്ള കൈറ്റോണുകളുടെ ജനിതക വിവരങ്ങളിൽ ഉണ്ടായിരുന്ന വലിയ കുറവ് നികത്തുന്നതാണ് പഠനം. ഭാവിയിൽ കൂടുതൽ കൈറ്റോൺ ഇനങ്ങളുടെ ജനിതക വിവരങ്ങൾ ശേഖരിച്ച് പഠിക്കുന്നതിലൂടെ ഇവയുടെ പരിണാമചരിത്രവും പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്ന രീതികളും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയുമെന്ന് ഗവേഷകർ പറയുന്നു.

കുഫോസിലെ ഡോ. ലിജു തോമസ്, ഡോ. രഞ്ജീത് കെ, നിർമ്മലഗിരി കോളേജിലെ സാന്ദ്ര ശശീന്ദ്രൻ, ഡോ. സിബി ഫിലിപ്പ് എന്നിവരാണ് ഗവേഷകർ. ""Natural selection drives the evolution of chiton mitochondrial genomes: evidence from a resolved phylogenomic framework" എന്ന പേരിലുള്ള പഠനം The Journal of Basic and Applied Zoology ജേണലിലാണ് പ്രസിദ്ധീകരിച്ചത്.

# നേപ്പാൾ പ്രളയം: മരണസംഖ്യ 903 ആയി, 4,200 പേർ ഇനിയും കാണാമറയത്ത്

കാഠ്മണ്ഡു: നേപ്പാൾ-ടിബറ്റ് അതിർത്തിയിലുണ്ടായ വൻ ഹിമപാതത്തെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മരിച്ചവരുടെ എണ്ണം 903 ആയി ഉയർന്നു. രക്ഷാപ്രവർത്തനം ആറാം ദിവസത്തിലേക്കു കടക്കുമ്പോഴും ദുരന്തമേഖലകളിൽനിന്ന് കൂടുതൽ മൃതദേഹങ്ങൾ കണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. ഇതിനിടെ കാണാതായവരുടെ എണ്ണം കുത്തനെ ഉയർന്ന് 4,247ൽ എത്തിയതായി നേപ്പാൾ നാഷണൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആൻഡ് മാനേജ്മെൻറ് അഥോറിറ്റി വ്യക്തമാക്കി. മുന്പെങ്ങുമില്ലാത്തവിധമുള്ള വൻ പ്രകൃതിദുരന്തമാണു രാജ്യം നേരിടുന്നതെന്ന് നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ പറഞ്ഞു.

**അപ്രതീക്ഷിതമായി എത്തിയ ഹിമപാതം**

രസുവയിലെ ലങ്തങ്-ലിറങ് മേഖലയിൽ സമുദ്ര നിരപ്പിൽനിന്ന് 5,200 മീറ്റർ ഉയരത്തിലുണ്ടായ വൻ ഹിമ പാറ വീഴ്ചയാണ് പ്രളയത്തിനു കാരണമായതെന്ന് ശാസ്ത്രജ്ഞരുടെ പ്രാഥമിക പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. മഞ്ഞും പാറയും ചെളിയും നിറഞ്ഞ ശക്തമായ വെള്ളപ്പൊക്കം ലെന്ധെ, ഭോട്ടെകോശി, ത്രിശൂലി നദികളിലൂടെ കുത്തിയൊഴുകി ജനവാസകേന്ദ്രങ്ങളെയും ജലവൈദ്യുത പദ്ധതികളെയും മുക്കുകയായിരുന്നു.

**തുരങ്കങ്ങളിൽ തുടരുന്ന രക്ഷാപ്രവർത്തനം**

ദുരന്തത്തിൽ നിരവധി ജലവൈദ്യുത പദ്ധതികൾ തകർന്നു. ത്രിശൂലി-എത്രി ഉൾപ്പടെ അരഡസനോളം ജലവൈദ്യുത തുരങ്കങ്ങൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്ന നൂറുകണക്കിന് തൊഴിലാളികളെ രക്ഷപ്പെടുത്താൻ അഹോരാത്രം തെരച്ചിൽ തുടരുകയാണ്. ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട 933 പേരെ കാണാതായിട്ടുണ്ടെന്നാണ് കണക്കുകൾ. നേപ്പാൾ സൈന്യത്തോടൊപ്പം ഇന്ത്യയിൽനിന്നുള്ള പ്രത്യേക തുരങ്ക രക്ഷാസേനയും ചൈനീസ് വിദഗ്ധരും തെരച്ചിലിൽ പങ്കാളികളാകുന്നുണ്ട്. ചിലിമേ, ലങ്തങ് പ്രദേശങ്ങളിൽ വലിയ എർത്ത് മൂവിംഗ് മെഷീനുകൾ ഉപയോഗിച്ച് അവശിഷ്ടങ്ങൾ നീക്കം ചെയ്യുകയാണ്. 21,000ത്തോളം സുരക്ഷാ ഉദ്യോഗസ്ഥരെയാണ് രാജ്യത്താകെ രക്ഷാപ്രവർത്തനത്തിനായി വിന്യസിച്ചിരിക്കുന്നത്.

**കാണാതായവരിൽ 592 വിദേശികളും**

കാണാതായ 4,247 പേരിൽ 3,655 പേർ നേപ്പാൾ സ്വദേശികളും 592 പേർ വിദേശ പൗരന്മാരുമാണ്. കൂടാതെ രക്ഷാപ്രവർത്തനത്തിലും മറ്റും ഏർപ്പെട്ടിരുന്ന 102 നേപ്പാൾ സൈനികരെയും പോലീസുകാരെയും കസ്റ്റംസ് ഉദ്യോഗസ്ഥരെയും കാണാതായിട്ടുണ്ട്. 90, 000ത്തിലധികം ആളുകളെ ദുരന്തം നേരിട്ടു ബാധിച്ചതായി റെഡ് ക്രോസ് വിലയിരുത്തുന്നു.

ദുരന്തം ടിബറ്റിലും കനത്ത നാശനഷ്ടമുണ്ടാക്കി. ചൈനീസ് ഔദ്യോഗിക മാധ്യമങ്ങളുടെ റിപ്പോർട്ട് പ്രകാരം ടിബറ്റിൽ 16 പേർ മരിക്കുകയും 546 പേരെ കാണാതാകുകയും ചെയ്തിട്ടുണ്ട്. തെരച്ചിൽ ഊർജിതമാക്കാനും ആവശ്യമായ ആശ്വാസനടപടികൾ കൈക്കൊള്ളാനും ചൈനീസ് പ്രസിഡൻറ് ഷി ജിൻപിംഗ് നിർദേശം നൽകി.

# മൂന്നിലവുകാർ പറയുന്നു, ഞങ്ങളറിയുന്ന മാളൂട്ടി അങ്ങനെ ചെയ്യില്ല

കോട്ടയം: മാളൂട്ടി അങ്ങനെ ചെയ്യില്ല, ഞങ്ങൾക്കു വിശ്വസിക്കാൻ കഴിയുന്നില്ല. അമേരിക്കയിൽ രണ്ടു മലയാളിയുവതികൾ കൊല്ലപ്പെട്ട കേസിൽ കോട്ടയം മൂന്നിലവ് സ്വദേശിനി അനില പോലീസ് കസ്റ്റഡിയിലായതെന്ന വാർത്ത കേട്ട് നടുങ്ങി നിൽക്കുകയാണ് മൂന്നിലവ് ഗ്രാമം. ഈ നാട്ടിലെ സ്കൂളിൽതന്നെ പഠിച്ചു വളർന്ന വളരെ സൗമ്യയായ പെൺകുട്ടിയായിരുന്നു അനിലയെന്ന് ചെറുപ്പം മുതൽ അടുത്തറിയാവുന്നവർ പറയുന്നു. മാളൂട്ടി എന്നായിരുന്നു അടുപ്പമുള്ളവർ അനിലയെ വിളിച്ചിരുന്നത്. മാത്രമല്ല അനിലയുടെ കുടുംബം നാട്ടിൽ വളരെ പ്രൗഢിയുള്ള നല്ല നിലയിൽ ജീവിക്കുന്ന കുടുംബമാണ്. തൊടുപുഴ പൈങ്ങോട്ടൂരാണ് അനിലയെ വിവാഹം ചെയ്ത് അയച്ചത്. സത്പേരും മതിപ്പുമുള്ള കുടുംബത്തിലെ പെൺകുട്ടി ഇങ്ങനെയൊരു കേസിൽ അകപ്പെട്ടതിൻറെ ദുരൂഹതയറിയാതെ വിറങ്ങലിച്ചുനിൽക്കുകയാണ് മൂന്നിലവിലെ ബന്ധുക്കളും പ്രിയപ്പെട്ടവരും. ഏതെങ്കിലും തെറ്റിദ്ധാരണയുടെ പേരിൽ അനില കേസിൽ അകപ്പെട്ടു പോയതാണോയെന്നാണ് ചിലരെങ്കിലും സംശയം ഉന്നയിക്കുന്നത്. അനിലയ്ക്ക് ഒരു സഹോദരനാണ് ഉള്ളത്. അനില അമേരിക്കയിലും സഹോദരൻ കാനഡയിലുമാണ്. മകനെയും മകളെയും സന്ദർശിക്കാൻ കഴിഞ്ഞ ജൂൺ രണ്ടിനാണ് ഇവരുടെ മാതാപിതാക്കൾ മൂന്നിലവിൽനിന്ന് അവിടേക്കു പോയിരുന്നു. ഈ ആഴ്ച ഇവർ തിരികെ എത്താനിരിക്കെയാണ് അപ്രതീക്ഷ സംഭവങ്ങൾ.

വെള്ളിയാഴ്ച കലിഫോർണിയയിലെ മിൽപിറ്റാസിലായിരുന്നു അമേരിക്കൻ മലയാളികളെയും കേരളത്തെയും നടുക്കിയ ഇരട്ടക്കൊലപാതകം. കോട്ടയം കുറിച്ചി പള്ളത്തറ വീട്ടിൽ ജേക്കബിൻറെ ഭാര്യയും തിരുവനന്തപുരം സ്വദേശിനിയുമായ ആനി ജേക്കബ് (35), തൃശൂർ പട്ടിക്കാട് മുടിക്കോട് പാണഞ്ചേരി തെക്കൂട്ട് ഹരിദാസ് -സുഷമ ദമ്പതികളുടെ മകൾ അഞ്ജന വിജീഷ് (35) എന്നിവരാണ് മരിച്ചത്. അടുത്ത കൂട്ടുകാരികളും ഒരേ ഫ്ലാറ്റ് സമുച്ചയത്തിലെ താമസക്കാരുമായിരുന്നു മൂവരും. ഇവർക്കിടയിൽ എന്താണ് സംഭവിച്ചതെന്ന് ഇനിയും ഉറ്റവർക്കുപോലും വ്യക്തമായിട്ടില്ല.

ആൻ ഫ്ളാറ്റിനുള്ളിൽ വച്ചാണ് കുത്തേറ്റു മരിച്ചത്. അഞ്ജനയെ ഫ്ലാറ്റ് സമുച്ചയത്തിൻറെ പാർക്കിംഗ് ഏരിയയിലേക്കു വിളിച്ചുവരുത്തി എസ്യുവി കാർ ഇടിപ്പിച്ചു കൊലപ്പെടുത്തുകയായിരുന്നു. തുടർന്നു കാർ പുറത്തേക്കു പാഞ്ഞുപോകുന്നതു ചിലർ കണ്ടു. പോലീസ് ഉടൻ സ്ഥലത്തെത്തി. തകർന്നു കേടുപാടുകൾ സംഭവിച്ച നിലയിൽ കാർ പിന്നീട് സമീപത്തെ മറ്റൊരു കെട്ടിടത്തിൻറെ പാർക്കിംഗ് ഏരിയയിൽ കണ്ടെത്തി. തുടർന്നാണ് അനിലയെ പോലീസ് കസ്റ്റഡിയിൽ എടുത്തത്.

ഒന്നിച്ചു സിനിമ കാണാൻ പോവുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയുമൊക്കെ ചെയ്തിരുന്ന കൂട്ടുകാരികളെ കൊലപ്പെടുത്താൻ മാത്രമുള്ള പ്രകോപനം എന്താണെന്നു വ്യക്തമായിട്ടില്ല. ആകെയുള്ള അസ്വാഭാവികത ഏതാനും ആഴ്ചകളായി ജോലി നഷ്ടപ്പെട്ടിൽ കടുത്ത നിരാശയിലും അസ്വസ്ഥതയിലുമായിരുന്നു അനില എന്നതു മാത്രമാണ്. ആനും അഞ്ജനയും അധ്യാപകരായി ജോലി ചെയ്യുന്നുണ്ടായിരുന്നു. അടുത്ത ദിവസങ്ങളിൽ തന്നെ അനില സുഹൃത്തുക്കളായ മറ്റുകുടുംബങ്ങളെ സന്ദർശിക്കുകയും മറ്റും ചെയ്തിരുന്നു.

ജോലി നഷ്ടപ്പെട്ടതിലുള്ള നിരാശ പലരോടും പങ്കുവയ്ക്കുകയുംചെയ്തിരുന്നു. എന്നാൽ, ഇത്രയും വലിയൊരു ക്രൂരത ചെയ്യാൻ അതൊരു കാരണമാണോയെന്നാണ് അടുപ്പമുള്ളവർ ഉന്നയിക്കുന്ന ചോദ്യം. മാത്രമല്ല, ജോലി നഷ്ടപ്പെട്ടതിനു കൂട്ടകാരികളെ എന്തിനു കൊലപ്പെടുത്തണം എന്നതാണ് പ്രസക്തമായ ചോദ്യം. അതേസമയം, അനില അമേരിക്കൻ പോലീസിൻറെ കസ്റ്റഡിയിൽ ആയതിനാൽ പ്രകോപനം എന്തായിരുന്നു എന്നതിൻറെ സൂചനകളൊന്നും ഇതുവരെ പുറത്തുവന്നിട്ടില്ല. അതിനായി കാത്തിരിക്കുകയാണ് ഉള്ളവരും സുഹൃത്തുക്കളും.

# കോഴിക്കറിയെച്ചൊല്ലി തർക്കം; സുഹൃത്തിനെ കുത്തിക്കൊന്ന പ്രതി അറസ്റ്റിൽ

ബംഗളൂരു: കർണാടകയിലെ ബെലഗാവി ജില്ലയിൽ കോഴിക്കറിയെച്ചൊല്ലിയുണ്ടായ തർക്കത്തെത്തുടർന്ന് സുഹൃത്തിൻറെ കുത്തേറ്റ് യുവാവ് മരിച്ചു. ഉത്തർപ്രദേശ് സ്വദേശി സീതാറാമാണ് കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ട് ഇദ്ദേഹത്തിൻറെ സുഹൃത്ത് അരുൺ കുമാറിനെ പോലീസ് അറസ്റ്റ് ചെയ്തു. ബെലഗാവിയിലെ ഒരു സ്റ്റീൽ കമ്പനിയിലെ ജീവനക്കാരാണ് ഇരുവരും. ജോലിക്കിടയിൽ താമസസ്ഥലത്ത് സുഹൃത്തുക്കൾക്കൊപ്പമുള്ള മദ്യപാനത്തിനിടയാണ് സംഭവം.

മദ്യപാനത്തിനിടെ കൂടുതൽ ചിക്കൻ കഷണങ്ങൾ കഴിച്ചു എന്നതിനെ ചൊല്ലി സീതാറാമും അരുൺ കുമാറും തമ്മിൽ വാക്കുതർക്കമുണ്ടായി. തർക്കം രൂക്ഷമായതോടെ പ്രകോപിതനായ അരുൺ കുമാർ കൈയിലുണ്ടായിരുന്ന കത്തിയെടുത്ത് സീതാറാമിൻറെ നെഞ്ചിൽ കുത്തുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ സീതാറാം സംഭവസ്ഥലത്തുവച്ചു തന്നെ മരിച്ചു.

കൊലപാതകത്തിന് ശേഷം സീതാറാമിനെ ആശുപത്രിയിൽ എത്തിച്ച പ്രതി കെട്ടിടത്തിൽ നിന്നും വീണാണ് യുവാവിന് പരിക്കേറ്റതെന്നാണ് ഡോക്ടർമാരോട് പറഞ്ഞത്. എന്നാൽ പരിക്കിൻറെ സ്വഭാവത്തിൽ സംശയം തോന്നിയ ആശുപത്രി അധികൃതർ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു.

തുടർന്ന് പോലീസ് നടത്തിയ ചോദ്യം ചെയ്യലിൽ അരുൺ കുമാർ കുറ്റം സമ്മതിച്ചു. സംഭവസ്ഥലത്തുനിന്നും കൊലപാതകത്തിന് ഉപയോഗിച്ച കത്തി പോലീസ് കണ്ടെടുത്തു. പ്രതിക്കെതിരെ കൊലപാതക കുറ്റത്തിന് കേസെടുത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പോലീസ് അറിയിച്ചു.




# കാന്തപുരത്തിൻറേത് സ്ത്രീവിരുദ്ധ പ്രസ്താവന; മുഖ്യമന്ത്രി എന്തുകൊണ്ട് പ്രതികരിക്കുന്നില്ലെന്ന് എം. ടി. രമേശ്

തൃശൂർ: കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാരുടേത് സ്ത്രീവിരുദ്ധ പ്രസ്താവനയെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം. ടി. രമേശ്. കാന്തപുരത്തിൻറെ പ്രസ്താവന അങ്ങേയറ്റം അപലപനീയമാണ്. പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത കാര്യങ്ങളാണിതെന്നും രമേശ് പറഞ്ഞു. മുഖ്യമന്ത്രി വി. ഡി. സതീശനും പ്രതിപക്ഷ നേതാവ് പിണറായി വിജയനും എന്തുകൊണ്ടാണ് പ്രതികരിക്കാത്തതെന്നും രമേശ് ചോദിച്ചു. സ്ത്രീസമൂഹത്തെ അപമാനിക്കുകയും അവരുടെ വ്യക്തിബോധത്തെയും സ്വാതന്ത്ര്യബോധത്തെയും ചോദ്യംചെയ്തിട്ടും എന്തുകൊണ്ടാണ് മുഖ്യമന്ത്രി പ്രതികരിക്കാത്തതെന്നും അദ്ദേഹം ചോദിച്ചു. നാട്ടിൽ നടക്കുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് പ്രതികരിക്കുന്ന മുഖ്യമന്ത്രിയുടെ ഇക്കാര്യത്തിലെ മൗനം ദുരൂഹമാണ്. ഇത് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്ലാമിയുമായും കാന്തപുരവുമായും മുസ്ലിം ലീഗ് മുഖാന്തരം നടത്തിയ ബാന്ധവത്തിൻറെ ബാക്കിപത്രമാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കാന്തപുരവും ജമാഅത്തെ ഇസ്ലാമിയും മുഖ്യമന്ത്രിയെ സഹായിച്ചു. കേരളത്തിലെ സ്ത്രീസമൂഹത്തെ വെല്ലുവിളിക്കുന്ന സമീപനത്തോട് സർക്കാർ സ്വീകരിക്കുന്ന മൗനം പ്രതിഷേധാർഹമാണെന്നും എം. ടി. രമേശ് പറഞ്ഞു.